## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3444 08.11.2019-ൽ മറുപടിയ്ക്ക്

## പ്ലാവുങ്കൽ-കാരാമൽ റോഡിന്റെ നിർമ്മാണ പുരോഗതി

| ചോദ്യം<br><br>ശ്രീ.ആർ.രാമചന്ദ്രൻ | | മറുപടി<br><br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പറവൂർ താലൂക്കിൽ എഴിക്കര വില്ലേജിൽ 12-ാം വാർഡിൽ നിർമ്മാണത്തിലിരിക്കുന്ന പ്ലാവുങ്കൽ കാരാമൽ റോഡിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | പറവൂർ താലൂക്കിൽ, എഴിക്കര ഗ്രാമ പഞ്ചായത്തിൽ പന്ത്രണ്ടാം വാർഡിൽ ഉൾപ്പെടുന്ന പ്ലാവുങ്കൽ- കാരമൽ റോഡിൽ, 2018-2019 കാലയളവിൽ ടാറിംഗ് നടത്തി, ഗതാഗത യോഗ്യമാക്കുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചിരുന്നു എങ്കിലും, ടെണ്ടറിലും, റീ ടെണ്ടറിലും കരാറുകാർ പങ്കെടുക്കാത്തത് മൂലം പദ്ധതി നടപ്പിലാക്കാതെ വരികയും, സ്പിൽ ഓവറിൽ ഉൾപ്പെടുത്താനാവാതെ പദ്ധതി ഉപേക്ഷിക്കേണ്ടതായും വന്നു. പഞ്ചായത്തിലെ 2019-2020 വാർഷിക പദ്ധതിയിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്താനായി 31/10/2019 ലെ കമ്മിറ്റി തീരുമാനിക്കുകയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഏത് ഫണ്ട് വിനിയോഗിച്ചാണ് ഈ പ്രവൃത്തി നടപ്പിലാക്കുന്നതെന്നും എസ്റ്റിമേറ്റ് തുക എത്രയെന്നും പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിനാവശ്യമായ ഫണ്ട് ലഭ്യമാണോയെന്നും വ്യക്തമാക്കുമോ; | (ബി) | എഴിക്കര ഗ്രാമപഞ്ചായത്തിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. 160 മീ. നീളവും. 2.5 മീ. വീതിയും ഉള്ള റോഡിൽ, ടൈൽ വിരിച്ച് ഗതാഗത സൗകര്യം ഉറപ്പാക്കുന്നതിന് 2,70,000/- രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ച് എത്രയും വേഗം ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | റോഡ് നിർമ്മാണത്തിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ